**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2754** **13-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം സുഗമമാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021 നും 07/09/21നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റ് ഉദ്യോഗസ്ഥർ എന്നിവരുമായും, 28/06/2021ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021 ന് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും , 07/07/2021 ന് ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും , ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിലും, ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻ പ്രകാരമുള്ള അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനുള്ള പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനും പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7/10/2021 ന് യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻവർഷങ്ങളിലെ പോലെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേകിച്ചും നിലയ്ക്കൽ, എരുമേലി, |

| | | | |
|---|---|---|---|
| | | | ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | തീർത്ഥാടകർക്ക് ഇടത്താവളങ്ങളിൽ ഉൾപ്പെടെ വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) | (എ) യും (ബി) യും ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, വിശ്രമത്തിനും കുടിവെള്ളലഭ്യത, പ്രാഥമിക കർത്തവ്യങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനും ചികിത്സാ സൗകര്യം തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പ് മന്ത്രി 16/06/2021 നും 07/09/21നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റ് ഉദ്യോഗസ്ഥർ എന്നിവരുമായും 28/06/2021ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും, 06/07/2021 ന് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും , 07/07/2021 ന് ബഹു. പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെയും , ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിലും, ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകൾ എടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻ പ്രകാരമുള്ള അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനുള്ള പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനും പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7/10/2021 ന് യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻവർഷങ്ങളിലെ പോലെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേകിച്ചും നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻ വർഷങ്ങളിലെപോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ